9

# ദൈവം എന്തുകൊണ്ടു മറിയയെ തിരഞ്ഞെടുത്തു

## ലൂക്കൊസ് 1-നെയും 2-നെയും കുറിച്ച്, കൂടുതൽ വ്യക്തമായ കാഴ്ച്ചപ്പാട്

''വിലയുള്ള സ്ത്രീ'' യെ കുറിച്ചു പറയുന്ന വേദഭാഗത്തിൽ, പറഞ്ഞിരിക്കുന്നു, "അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു" (സദൃശവാക്യം 31:28). കെജെവി ഈ വിധത്തി ലാണ് ആ ചിന്ത പ്രകടിപ്പിക്കുന്നത്: "അവളുടെ മക്കൾ എഴുന്നേറ്റ്, അവളെ ഭാഗ്യവതി എന്നു വിളിക്കും."

അമ്മമാർ പ്രത്യേകതയുള്ളവരാണ്. ഒരു ചെറിയ രസാവഹമായ കുറിപ്പിൽ, ചാർളി ബ്രൗൺ പറഞ്ഞു, ''ഓരോരുത്തർക്കും അവരെ സ്നേഹിക്കുവാനും, വിശ്വസിപ്പാനും, കരുതുവാനും, പിൻതാങ്ങുവാനും, അവരോടൊപ്പം ചിരിക്കുവാനും കരയുവാനും ആരെയെങ്കിലും ആവശ്യമാണ്." ലൂസി പ്രതികരിച്ചു, "അത് ധാരാളം ആളുകളുടേതാണ്." അപ്പോൾ സ്നൂപി[1] പറഞ്ഞു, ''അല്ലെങ്കിൽ മനോഹരമായ *ഒരു* അമ്മ." എന്നിൽ വിശ്വസിച്ചവരുടെയും പിൻതാങ്ങിയവരുടെയും ലിസ്റ്റിൽ, രണ്ട് അമ്മമാരുടെ പേരാണ് ഏറ്റവും മുകളിലുള്ളത്: അത് എന്റെ സ്വന്ത അമ്മയും എന്റെ മൂന്ന് പെൺകുട്ടികളുടെ അമ്മയുമാണ്. നമ്മിൽ മിക്കപേർക്കും എഴുന്നേറ്റ് നമ്മുടെ അമ്മമാരെ ഭാഗ്യവതി എന്നു വിളിക്കുവാൻ കഴിയും.

ലൂക്കൊസ് 1–ൽ മറ്റുള്ളവരുടെ അമ്മയെ ഭാഗ്യവതി എന്ന് വിളിക്കുവാൻ നാം ഉത്തേജിപ്പിക്കപ്പെടുന്നു. വാക്യം 42–ൽ ഒരു അമ്മ–ആകുവാൻ–പോകുന്നവളോട് എലീശബെത്ത് പറഞ്ഞു: "നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ." അതൊരു എബ്രായപദപ്രയോഗവും അതിന്റെ അർത്ഥം, "നീ സ്ത്രീകളിൽ വെച്ച് ഏറ്റവും അനുഗ്രഹിക്കപ്പെട്ടവൾ.'' വാക്യം 48–ൽ സംബോധന ചെയ്ത സ്ത്രീ മറുപടി പറഞ്ഞു, "ഇന്നു മുതൽ, എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും." അവളെ ഭാഗ്യവതിയെന്നു അവളുടെ മക്കൾ മാത്രമല്ല വിളിക്കുന്നത്, അവൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവളെന്നു എല്ലാവരും സമ്മതിക്കും. ആ വേദഭാഗം പറയുന്നത് മറിയയെ, യേശുവിന്റെ അമ്മയെ കുറിച്ചാണ്.

എല്ലാ അമ്മമാരും അനുഗ്രഹിക്കപ്പെട്ടവരാണ്, എന്നാൽ മറിയ പ്രത്യേകമായി അനുഗ്രഹിക്കപ്പെട്ടവളായിരുന്നു. അന്നു ജീവിച്ചിരുന്ന എല്ലാ യെഹൂദസ്ത്രീകളിലും വെച്ച്, ദൈവം അവളെ തന്റെ മകന്റെ അമ്മയാകുവാൻ തിരഞ്ഞെടുത്തു. ആ വസ്തുതയെ നാം പരിഗണിക്കുമ്പോൾ, നാം ചോദിക്കുന്നു, "എന്തുകൊണ്ട്? മറിയയിൽ എന്തായിരുന്നു പ്രത്യേകത?"

അവളെ തിരഞ്ഞെടുക്കുവാൻ ദൈവം നിർബന്ധിതനായിരുന്നില്ല. അവളെ ദൈവം നിർബന്ധമായി തിരഞ്ഞെടുക്കത്തക്ക രീതിയിൽ മറിയയിൽ നന്മയും പൂർണ്ണതയും ഉള്ളതായി വചനം പറയുന്നില്ല. മറിച്ച്, ദൈവം അവളെ തിരഞ്ഞെടുത്തത് തന്റെ കൃപ പ്രകടിപ്പിക്കുന്നതായിട്ടാണ് എന്നാണ് നമ്മോടു പറയുന്നത്. "കൃപ ലഭിച്ചവളേ, നിനക്കു വന്ദനം!" (ലൂക്കൊസ് 1:28) എന്ന വാക്കുകളോടെയാണ് ദൂതൻ മറിയയെ വന്ദനം ചെയ്തത്. "കൃപ ലഭിച്ചവൾ" എന്നത് "കൃപ" എന്നതിനുള്ള ഗ്രീക്ക് വാക്കിന്റെ ഒരു രൂപത്തിൽ നിന്ന് തർജ്ജിമ ചെയ്തതും – "കൃപ" എന്ന വാക്ക് "*അനർഹമായ* ഉപകാര"ത്തെ കുറിച്ചും പറയുന്നു. എന്നിരുന്നാലും, ദൈവം തിരഞ്ഞെടുക്കത്തക്ക പ്രത്യേക ഗുണങ്ങൾ മറിയയിൽ ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ട്, നാം വീണ്ടും ചോദിക്കുന്നു, "ആ ഗുണങ്ങൾ എന്തെല്ലാം ആയിരുന്നു?" ഈ പാഠത്തിൽ, "എന്തുകൊണ്ട് ദൈവം മറിയയെ തിരഞ്ഞെടുത്തു" എന്നതു കണ്ടെത്തുവാനായി നമുക്ക് അവളുടെ ജീവിതത്തെ പരിശോധിക്കാം.

ആദ്യം ലൂക്കൊസ് 1:26–ലേക്കു പോകാം. ആ വാക്യം തുടങ്ങുന്നത് ഇങ്ങനെയാണ്, "ആറാം മാസത്തിൽ. ..." അപ്പോൾ യോഹന്നാൻ സ്നാപ കന്റെ അമ്മയായ, എലീശബെത്ത് ഗർഭിണിയായിട്ട് ആറാം മാസം ആയിരുന്നു. "ആറാം മാസത്തിൽ ദൈവം ഗബ്രീയേൽ ദൂതനെ നസറേത്ത് എന്ന ഗലീലപട്ടണത്തിലേക്ക് അയച്ചു." ഗലീലാ കടലിന്റെ പടിഞ്ഞാറേ അറ്റത്ത് പതിനഞ്ചുമൈലുകൾ ദൂരെയായും മദ്ധ്യധര ണ്യാഴിയിൽ നിന്ന് ഇരുപത്തി–രണ്ട് മൈലുകൾ ദൂരെ ആയും സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ ഗ്രാമമായിരുന്നു നസറേത്ത്, അത് ലബനോൻ പർവ്വതനിരകളുടെ തെക്കേ അറ്റത്തുമായിരുന്നു.

ദൂതനെ അയച്ചത് "ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന്നു വിവാഹം നിശ്ചയിച്ചിരുന്ന, കന്യകയുടെ അടുക്കലേക്കാ യിരുന്നു" (ലൂക്കൊസ് 1:27). ദാവീദ് രാജാവിന്റെ പിൻഗാമി ആയിരുന്നു യോസേഫ്, എന്നാൽ രാജ്യവംശാവലി വളരെ പ്രയാസത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന സമയമായിരുന്നു. യോസേഫ് ഒരു ദരിദ്രനായ[2] തച്ചൻ ആയിരുന്നു (മത്തായി 13:55) അവൻ നസറേത്തിലായിരുന്നു താമസിച്ചിരുന്നത് (ലൂക്കൊസ് 2:4).

ദൂതനെ അയച്ച കന്യകയുടെ പേർ മറിയ എന്നായിരുന്നു (1:27). "മിരിയാം"[3] എന്ന എബ്രായ പേരിന്റെ ഗ്രീക്ക് രൂപമാണ് "മറിയ" എന്നത്. യോസേഫിനെ പോലെ, അവളും ദാവീദ്[4] രാജാവിന്റെ ഗൃഹത്തിൽ നിന്നുള്ളവളും, താഴ്ന്ന കുടുംബത്തിൽ[5] നിന്നു വന്നവളും ആയിരുന്നു വെന്ന് സ്പഷ്ടമാണ്. മറിയ വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്നു – അല്ലെങ്കിൽ യോസേഫുമായുള്ള – വിവാഹം നടത്തുവാൻ തീരുമാനി ച്ചിരുന്നു (മത്തായി 1:18). അക്കാലത്ത്, കൂടുതലും വിവാഹനിശ്ചയങ്ങൾ ഒരു സ്ത്രീയുടെ ജീവിതത്തിൽ വളരെ നേരത്തെയായിരുന്നു നടന്നിരുന്നത്, അതുകൊണ്ട് ഗബ്രീയേൽ അവൾക്കു പ്രത്യക്ഷനായപ്പോൾ മറിയക്ക് കൗമാരപ്രായം ആയിരുന്നിരിക്കാം.[6]

ദൈവത്തിന്റെ ഉദ്ദേശങ്ങൾ നിറവേറപ്പെടുന്ന കാര്യത്തിൽ, ചുറ്റു പാടുകൾക്കും സാഹചര്യങ്ങൾക്കും ഒരു പ്രാധാന്യവുമില്ല. ദൈവത്തിന് ഏതു സ്ഥലത്തേയും ഏതൊരാളേയും ഉപയോഗിക്കുവാൻ കഴിയും. നിങ്ങൾ ദൈവത്താൽ ഉപയോഗിക്കപ്പെടേണ്ടതിന് പ്രായം ചെന്ന് ചുക്കിചുളിഞ്ഞ

അവസ്ഥയിൽ എത്തുന്നതുവരെ കാത്തിരിക്കേണ്ടതില്ലെന്നും ആ വേദഭാഗം സൂചിപ്പിക്കുന്നു. കൗമാരപ്രായത്തിൽ തന്നെ ആയിരുന്ന, യുവതിയായ കന്യകക്കു ദൈവദൂതൻ പ്രത്യക്ഷനായത്, ദൈവപദ്ധതി നിറവേറ്റുവാൻ അവളുടെ സഹായം ലഭിക്കേണ്ടതിനായിരുന്നു.

### അവളുടെ മനസ്സിനെ ഉപയോഗിക്കുവാൻ അവൾ ഭയപ്പെട്ടിരുന്നില്ല

ദൂതൻ മറിയയോടു പറഞ്ഞു, "കൃപ ലഭിച്ചവളേ, നിനക്കു വന്ദനം! കർത്താവു നിന്നോടുകൂടെയുണ്ട്" (1:28). ദൂതന്റെ പ്രസ്താവന കേട്ടു മറിയ "ഭ്രമിച്ചു" (1:29). ഒരു സ്വർഗ്ഗീയ സന്ദർശകനെ അഭിമുഖീകരിക്കുമ്പോൾ ബൈബിളിലെ മിക്കപേർക്കും പരിഭ്രമമുണ്ടായിരുന്നു. ഭീതിക്കു പകരം, എങ്ങനെയായാലും, "ഇത് എന്തൊരു വന്ദനം" എന്നു അവൾ വിചാരിച്ചു (1:29).

തന്റെ മനസ്സ് ഉപയോഗിച്ച ഒരു വ്യക്തിയായിരുന്നു മറിയ. പിന്നീടു നമ്മോടു പറയുന്നത് യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടുള്ള സംഭവങ്ങളെ കുറിച്ചു അവൾ ചിന്തിച്ചു എന്നാണ് (ലൂക്കൊസ് 2:19). അവൾക്കു ദൈവം നൽകിയ മനസ്സിനെ പ്രയോഗിക്കുന്നതിൽ അവൾക്കു ഭയമില്ലായിരുന്നു.

### അവൾ ദൈവഭക്തിയുള്ള ഒരു സ്ത്രീ ആയിരുന്നു.

"ദൂതൻ അവളോട്, 'മറിയയേ, ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു'" (1:30). അടിസ്ഥാനപരമായി നല്ലതായി തീരാതെ ആർക്കും ദൈവകൃപ ലഭിക്കുകയില്ല. മറിയയെ കുറിച്ച് ദൈവീക ചിന്തയും സത്യസന്ധതയും ഉള്ള, ഉയർന്ന ധാർമ്മിക നിലവാരമുള്ള – ആത്മാർത്ഥതയുള്ള ഒരു വ്യക്തിയായി നമുക്ക് കരുതാം.

### അവൾ ദൈവത്തിലും - അവന്റെ ശക്തിയിലും വിശ്വസിച്ചു

ദൂതൻ തുടർന്നു:

> നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും, അവന്നു യേശു എന്നു പേർ വിളിക്കേണം, [അതിനർത്ഥം "യഹോവ രക്ഷിക്കുന്നു"]. അവൻ വലിയവനാകും അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും; അവൻ യാക്കോബ് ഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും, അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല (1:31–33).

യേശുവിന്റെ രാജ്യമാണ് സഭ (മത്തായി 16:18, 19). കർത്താവ് സ്വർഗ്ഗാരോഹണം ചെയ്ത് ദൈവത്തിന്റെ വലത്തുഭാഗത്തേക്കു പോയ പ്പോൾ അവൻ ദാവീദിന്റെ സിംഹാസനത്തിലിരുന്ന് തന്റെ രാജ്യത്തെ വാഴുവാൻ തുടങ്ങി (പ്രവൃത്തികൾ 2:25–36). ദൂതന്റെ വാക്കുകൾ നൽകിയ പ്രതീക്ഷ ഇതെല്ലാമാണ്.

എങ്ങനെയായാലും, കന്യകയായ മറിയയുടെ വിചാരം, ഭാവിയിൽ മുപ്പതിൽ–അധികം വർഷങ്ങൾക്കുശേഷം എന്തു സംഭവിക്കും എന്ന തിനെ കുറിച്ചായിരുന്നില്ല. അവളുടെ കാതുകളിൽ മുഴങ്ങിയതായ ശബ്ദം "നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും" എന്നതായിരുന്നു. അവൾ ദൂതനോടു പറഞ്ഞു, "ഞാൻ ഒരു കന്യക ആയിരിക്കയാൽ, ഇതെങ്ങനെ സംഭവിക്കും?" (1:34).

ഒറ്റ നോട്ടത്തിൽ, ഒൻപതു മാസം സംസാരിക്കുവാൻ കഴിയാതിരുന്ന സെഖര്യാവിന്റെ അവിശ്വാസത്തിനു ലഭിച്ച തിരിച്ചടിക്ക് സമാന്തരമായി ഇതു തോന്നിയേക്കാം (1:18, 20) – എന്നാൽ മറിയയുടെ ചോദ്യം ഇത് സംഭവി*ക്കുമോ* എന്നതായിരുന്നില്ല, എന്നാൽ അത് *എങ്ങനെ* സംഭവിക്കും എന്നതായിരുന്നു. അവൾ ദൂതന്റെ വാക്കുകൾ *വിശ്വസിച്ചു* എന്നാണ് നമ്മുടെ വേദഭാഗം ഊന്നിപറയുന്നത് (1:45).

അവളുടെ "എങ്ങനെ" എന്ന ചോദ്യത്തിന് ദൂതൻ മറുപടി പറഞ്ഞു. ദൂതൻ പറഞ്ഞു, "പരിശുദ്ധാത്മാവ് നിന്റെ മേൽവരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (1:35). "നിഴലിടും" എന്നു തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്ക് സെപ്റ്റ്വജിന്റിൽ[7] ഉപയോഗിച്ചിരുന്നത് സമാഗമന കൂടാരത്തിൽ ദൈവ സാന്നിധ്യം നിറയുന്നതിനെ സൂചിപ്പിച്ചു പറയുന്നതിനുവേണ്ടിയാണ് (പുറപ്പാട് 40:35 നോക്കുക).[8]

മറിയ അടയാളം ആവശ്യപ്പെട്ടില്ല, പക്ഷെ ദൂതൻ അവൾക്കു ഒന്നു നൽകി: "നിന്റെ ചാർച്ചക്കാരത്തി[9] എലീശബെത്തും, വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു; മച്ചി എന്നു പറഞ്ഞുവന്നവൾക്ക് ഇതു ആറാം മാസം'' (1:36). അവൻ കൂട്ടിച്ചേർത്തു, ''ദൈവത്തിന്നു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ''[10] (1:37). ഇതാണ് മറിയയോടു വിശ്വസിക്കുവാൻ ആവശ്യപ്പെട്ടത് – അവൾ വിശ്വസിക്കുകയും ചെയ്തു (1:45). ജീവിതത്തിലെ വെല്ലുവിളികളെ നമുക്കു നേരിടണമെങ്കിൽ നിങ്ങളും ഞാനും വിശ്വസി ക്കേണ്ടതും ഇതു തന്നെയാണ്.

### അവൾക്ക് ഒരു വിനയ മനോഭാവം ഉണ്ടായിരുന്നു

മറിയ മറുപടിയായി പറഞ്ഞു, "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (1:38). ദൈവം എന്തു കൊണ്ട് മറിയയെ തിരഞ്ഞെടുത്തു എന്നതിനു ഒറ്റവാക്യത്തിൽ ഉത്തരം നൽകുന്ന ഒരു വേദഭാഗമുണ്ടെങ്കിൽ, അത് ഇതാണ്. ആദ്യം, "കർത്താവിന്റെ ദാസി" എന്ന പ്രയോഗം ശ്രദ്ധിക്കുക. "ദാസി" എന്നു തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്ക് ''അടിമ'' എന്നതിനുള്ള വാക്കിന്റെ സ്ത്രീലിംഗരൂപമാണ്. അടിമകളിൽ, ഏറ്റവും തരംതാഴ്ന്നവരും, പലപ്പോഴും വെറുക്കപ്പെട്ടവരും നിന്ദിക്കപ്പെട്ടവരുമായിരുന്നു സ്ത്രീ അടിമകൾ. മറിയ പിന്നീട് പാടി, "അവൻ തന്റെ ദാസിയുടെ താഴ്ച്ച കടാക്ഷിച്ചിരിക്കുന്നുവല്ലൊ" (1:48).

### ദൈവഹിതത്തിന് അവൾ കീഴ്പ്പെട്ടിരുന്നു

1:38–ന്റെ രണ്ടാംഭാഗം നോക്കുക: ''നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ.'' ഇതിലുള്ള സൂചനകൾ എല്ലാം പരിഗണിക്കുക. (മറിയ

ചിന്തിക്കുന്ന ഒരു വ്യക്തിയായിരുന്നുവെന്ന് ഓർക്കുക; തന്റെ കണ്ണുകൾ തുറന്ന് അവൾ അതിലേക്ക് പോയി.) വിവാഹത്തിനായി നിശ്ചയം ചെയ്ത, ഉടനെ ഗർഭിണിയാകുവാൻ പോകുന്ന, കന്യകയായിരുന്നു അവൾ. അവളുടെ ഭർത്താവാകുവാൻ പോകുന്നയാൾ ഉറപ്പായും എതിർക്കും, "അത് എന്റെതല്ല!"

നസറേത്തുപോലെയുള്ള ഒരു ചെറിയ ടൗണിൽ താമസിക്കുന്ന അവളുടെ അനിശ്ചിതമായ സാഹചര്യം എത്ര മോശമായിരുന്നു എന്നു തിരിച്ചറിയുവാൻ നമുക്ക് പ്രയാസമാണ്. ആളുകളുടെ നോട്ടവും, അമ്പരപ്പും, അടക്കിയ സംസാരവും, നുണപ്രചരണവും, തെറ്റായ പരാമർശങ്ങളും[11] ഒന്നു ഊഹിക്കുക. ന്യായപ്രമാണത്തിൽ ഒരു വ്യഭിചാരിണിയെ കല്ലെറിഞ്ഞു കൊല്ലേണമെന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട്, അവളുടെ ജീവൻ പോലും നഷ്ടപ്പെട്ടേക്കാം (ആവർത്തനപുസ്തകം 22:23, 24[12]). പഴയനിയമത്തിലെ മരണത്താൽ ശിക്ഷിക്കപ്പെടുന്ന പാപങ്ങളിൽ വെച്ച്, ഒരു സ്ത്രീക്കു വ്യഭിചാരകുറ്റം അവൾ വിവാഹത്തിനു മുൻപു ഗർഭിണിയാകുമ്പോൾ നിഷേധിക്കുവാൻ ഏറ്റവും പ്രയാസമുള്ള പാപമായിരുന്നു. രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴി അവൾക്കെതിരെയുണ്ടെങ്കിൽ (ആവർത്തന പുസ്തകം 17:6; 19:15) അതിനു ഒരു പ്രയാസവുമില്ല; ഗർഭിണിയായി ആറോ ഏഴോ മാസത്തിൽ ആദ്യമായി അവളെ കടന്നുപോകുന്ന രണ്ടോ മൂന്നോ പേർക്ക് ചെയ്യാവുന്നതായിരുന്നു അത്.

പ്രത്യാഘാതങ്ങളെ കുറിച്ചെല്ലാം മറിയക്ക് ഉറച്ച ബോധമുണ്ടായിരുന്നു. എന്നിട്ടും, അവൾ ദൂതനോടു പറഞ്ഞു, "നിന്റെ വാക്കു പോലെ എനിക്കു ഭവിക്കട്ടെ." മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ദൈവം അതാണ് ആഗ്രഹിക്കുന്നതെങ്കിൽ, അതങ്ങനെ തന്നെ ആകട്ടെ." അവൾ ദൈവഹിതത്തിന് കീഴ്പ്പെട്ടു. *അത്തരത്തിലു*ള്ള വ്യക്തിയെയാണ് ദൈവത്തിന് – അമ്മയായോ, അപ്പനായോ, മകനായോ, അല്ലെങ്കിൽ മകളായോ ഉപയോഗിക്കുവാൻ കഴിയുക.

"ദൂതൻ അവളെ വിട്ടുപോയ" ശേഷം (1:38), "മറിയ എഴുന്നേറ്റ് മലനാട്ടിൽ ഒരു യെഹൂദ്യ പട്ടണത്തിൽ ബദ്ധപ്പെട്ടുചെന്നു" (1:39) തന്റെ ബന്ധുവായ എലീശബെത്തിനെ കണ്ടു. അവൾക്കു സംഭവിച്ചത് എന്തെന്ന് അറിയാമായിരുന്നവരിൽ ഒരുപക്ഷെ ഒരാളായിരുന്നിരിക്കാം എലീശബെത്ത്.

എലീശബെത്ത് മറിയയെ കണ്ടപ്പോൾ, അവൾ "പരിശുദ്ധാത്മാവ് നിറഞ്ഞവളായി" (1:41) "ഉച്ചത്തിൽ വിളിച്ചു പറഞ്ഞതു" (1:42): "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടതു! എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം, എനിക്ക് എവിടെ നിന്നുണ്ടായി?" (1:42, 43).

### **അവൾ തിരുവെഴുത്തുകളെ അറിഞ്ഞിരുന്നു**

വാക്യം 46–ൽ ആരംഭിച്ച് വാക്യം 55 വരെ തുടരുന്ന ഒരു മഹത്തായ സ്തുതിഗീതത്തോടെ മറിയ പ്രതികരിച്ചു. ഈ ചെറിയ, ആഹ്ലാദം നൽകുന്ന കവിത "പുതിയനിയമത്തിലെ സാഹിത്യമുത്തുകളിൽ ഒന്നാണ്" എന്നാണ് ഏണെസ്റ്റ് ഹോസർ എഴുതിയത്.[13] ഈ പത്തു വാക്യങ്ങളിൽ, അധികവും യേശുവിന്റെ അമ്മ മറിയയെ കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ള വാക്കുകളാണ് ഉള്ളത്.

മറിയയുടെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് ഹന്നയുടെ 1 ശമുവേൽ 2:1–10 ലെ ഗാനത്തെ കുറിച്ചാണ്. മറിയയുടെ ഗാനത്തിൽ മൂന്നു മുഖ്യ വിഷയങ്ങൾ അടങ്ങിയിട്ടുണ്ട്: (1) ദൈവം അവൾക്കു വേണ്ടി ചെയ്തത് (1:46–49), (2) എല്ലാ മനുഷ്യർക്കും വേണ്ടി ദൈവം ചെയ്യുന്നത് – അവൻ നിസ്സഹായരെ, വിനയമുള്ളവരെ, വിശപ്പുള്ളവരെ സഹായിച്ചു (1:50–53), (3) യിസ്രായേലിനോടു ദൈവം ചെയ്തത് (1:54, 55). ദൈവം എപ്പോഴും അവന്റെ വാക്കുപാലിക്കും എന്നതിനുള്ള തെളിവായിരുന്നു അവസാനത്തേത്!

മറിയ പറഞ്ഞത് നാം പരിഗണിക്കുമ്പോൾ, അവൾ തിരുവെഴുത്തുകളെ[14] മനസ്സിലാക്കിയിരുന്നു എന്ന വസ്തുത നമ്മെ സന്തോഷിപ്പിക്കുന്നു. അവളുടെ സ്തുതിവാക്കുകളിൽ പന്ത്രണ്ടു പഴയനിയമ വേദഭാഗങ്ങൾ പ്രതിഫലിച്ചു കാണാം. പള്ളി സ്കൂളുകളിൽ ആൺകുട്ടികൾക്ക് മാത്രം പ്രവേശനം അനുവദിച്ചിരുന്ന അന്നത്തെ സാഹചര്യത്തിൽ ആ വസ്തുത ശ്രദ്ധേയമായിരുന്നു.

മറിയയുടെ ജീവിതത്തിൽ കൂടിയുള്ള നമ്മുടെ പഠനം പെട്ടെന്ന് തീർക്കേണ്ടതുണ്ട്. യേശുവിന്റെ ജനനത്തെ കുറിച്ചും ആട്ടിടയന്മാരുടെ സന്ദർശനത്തെ കുറിച്ചും ലൂക്കൊസ് 2 വെളിപ്പെടുത്തുന്നു. വാക്യം 19 പറയുന്നതു "മറിയ ഈ വാർത്ത ഒക്കെയും, ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു" എന്നാണ്.

## അവൾ ധൈര്യമുള്ളവളും ഭയമില്ലാത്തവളും ആയിരുന്നു

യേശു ജനിച്ച് ഏകദേശം നാൽപതു ദിവസം കഴിഞ്ഞപ്പോൾ, യോസേഫും മറിയയും ശിശുവിനെയും കൊണ്ട് യാഗം കഴിപ്പാൻ യെരുശലേം ദേവാലയത്തിലേക്കുപോയി (ലേവ്യാപുസ്തകം 12:2–4, 6–8). അവിടെവെച്ച് ശിമ്യോൻ എന്ന ഒരു മനുഷ്യൻ യേശുവിനെ തന്റെ കൈകളിൽ എടുത്ത് ആ ശിശു ചെയ്യുവാനിരിക്കുന്നതിനെ കുറിച്ചെല്ലാം മുന്നറിയിച്ചു (ലൂക്കൊസ് 2:25–35). അവന്റെ ദൈവശ്വാസീയ വാക്കുകളിൽ മറിയയോടുള്ള ഈ അശുഭകരമായ മുന്നറിയിപ്പു ഉൾക്കൊണ്ടിരുന്നു: "നിന്റെ പ്രാണനിൽകൂടെ ഒരു വാൾ കടക്കും ..." (2:35).

മറിയ കാത്തിരുന്ന ആ പ്രവൃത്തിയെ കുറിച്ച് അൽപം ഒന്നു ചിന്തിക്കുക. മൂന്നു പെൺമക്കളെ പോറ്റി വളർത്തുക എന്നത് എനിക്കും എന്റെ ഭാര്യക്കും എളുപ്പമായിരുന്നില്ല. മറിയക്ക് ചുരുങ്ങിയത് *ഏഴു* മക്കളുണ്ടായിരുന്നു[15] – അവരിൽ മൂത്തവനായിരുന്നു ദൈവ പുത്രൻ! ദൈവത്തിന്റെ സ്വന്തപുത്രനെ വളർത്തുക എന്ന ഉത്തരവാദിത്വത്തിന്റെ സമ്മർദ്ദം എനിക്ക് ഊഹിക്കുവാൻ പോലും സാധിക്കുന്നതല്ല. ഇപ്പോൾ, അതിനെല്ലാം മുകളിൽ, അവസാനം മറിയയുടെ പ്രാണനിൽ ഒരു വാൾ കടക്കും എന്നും ശിമയോൻ പറഞ്ഞു. ഹൃദയവേദന ഇനി വരുവാനിരിക്കുന്നു!

അത്തരം വെല്ലുവിളികൾ – ധൈര്യമുള്ള ഒരു സ്ത്രീ മാത്രമേ നേരിടുകയും – അഭിമുഖീകരിക്കുകയും ചെയ്തിരിക്കയുള്ളു. വിവാഹം കഴിയാതെ അമ്മയായി തീരുന്നതിനെ കുറിച്ചു കേട്ടുകേൾവി പോലുമില്ലാത്തകാലത്ത് അതിന്റെ അനന്തരഫലം സ്വീകരിപ്പാൻ തയ്യാറായതിലൂടെ

മറിയ തന്റെ ധൈര്യത്തെയാണ് കാണിച്ചത്. നമ്മുടെ കർത്താവിന്റെ അമ്മയായി തീരുന്നതിന്റെ അനന്തരഫലവും സ്വീകരിക്കുവാൻ തയ്യാറായി കൊണ്ട് അവൾ തന്റെ ധീരത തുടർന്നും കാണിച്ചു.

രാജകൊട്ടാരത്തിൽ സന്തോഷത്തോടെ വളർന്ന ഒരു കുമാരിയെ തിരഞ്ഞെടുക്കുന്നതിനു പകരം – ദൈവം എന്തുകൊണ്ട് മറഞ്ഞുകിട ക്കുന്ന, നിന്ദിക്കപ്പെട്ട ഗ്രാമത്തിൽ നിന്ന്, ഒരു ദരിദ്രയായ, അറിയപ്പെടാത്ത ഒരു യുവതിയെ തിരഞ്ഞെടുത്തു എന്നതിന്റെ കാരണം ആ സത്യം വ്യക്ത മാക്കുന്നു. ഉറപ്പുള്ളതും ഉണർവ്വുള്ളതുമായ ചിലരെയായിരുന്നു ദൈവത്തിന് ആവശ്യമായിരുന്നത്. അമേരിക്കയിൽ, ഞങ്ങൾ പറയും, ''ദൈവത്തി നാവശ്യം *കടുപ്പമുള്ള*[16] ചിലരെയാണ്."

യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാ വേളകളിൽ യോസേഫിനെ പറ്റി നാം ഒരിക്കലും വായിക്കുന്നില്ല; നാം വായിക്കുന്നത് മറിയയെയും അവളുടെ മക്കളെയും കുറിച്ചു മാത്രമാണ്. യോസേഫിന് മറിയയെക്കാൾ പ്രായ കൂടുതലുണ്ടായിരുന്നുവെന്നും യേശുവിന്റെ പരസ്യശുശ്രൂഷക്കുമുൻപ്[17] അവൻ മരിച്ചുപോയി എന്നും അതു സൂചിപ്പിക്കുന്നതായാണ് ചിലർ കരുതുന്നത്. മറിയ തന്റെ ഏഴോ അതിലധികമോ മക്കളെ[18] വളർത്തിയത് ഒറ്റയ്ക്കായിരിക്കാനും ഉള്ള സാധ്യത ഉണ്ട്. നിങ്ങളിൽ ചിലർക്ക് അറിയാവു ന്നതുപോലെ, അതെളുപ്പമുള്ള കാര്യമായിരിക്കയില്ല. ദൈവത്തിന് കടുപ്പമുള്ളവരെയായിരുന്നു ആവശ്യമെന്ന് ഞാൻ വീണ്ടും പറയട്ടെ!

## ഉത്തരവാദിത്വം സ്വീകരിപ്പാൻ
## അവൾ തയ്യാറായിരുന്നു

മറിയയുടെ കടുപ്പമുള്ള സ്വഭാവം അവൾക്കുള്ള മറ്റൊരു സവിശേ ഷതയുമായി ബന്ധപ്പെട്ടതാണ്, അതു മറ്റുപലരിലും ഇല്ലാതിരിക്കുന്ന ഒരു സ്വഭാവവിശേഷതയുമാണ്: ഉത്തരവാദിത്വം സ്വീകരിപ്പാൻ അവൾ തയ്യാറാ യിരുന്നു. ഇത് ചിത്രീകരിപ്പാൻ പന്ത്രണ്ട് വയസ്സായ യേശുവിന്റെ സംഭവം നമുക്കു എടുത്തു കാണിക്കാം (ലൂക്കൊസ് 2:41–51). യേശു എവിടെയാണെന്ന് യോസേഫും മറിയയും അറിയായ്കകൊണ്ട്, അവർ യെരുശലേമിൽ അവനെ തിരഞ്ഞുപോയി. എല്ലാത്തിലുമുപരി, അവനെ കരുതുവാനുള്ള ഉത്തരവാദിത്വം ദൈവം അവർക്കു നൽകിയിരുന്നു. അവരുടെ വ്യക്തിപരമായ ജീവിതത്തിലും, വിവാഹജീവിതത്തിലും, കുടുംബജീവിതത്തിലും ഉള്ള – ഉത്തരവാദിത്വങ്ങൾ നിർഭാഗ്യവശാൽ, സ്വീകരിക്കുവാൻ ഇന്നു ചിലർ തയ്യാറാകുന്നില്ല.

## അവൾ തന്റെ മകനിൽ
## വിശ്വാസം പ്രകടിപ്പിച്ചിരുന്നു

യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ച പതിനെട്ടുവർഷ കാലത്തി ലേക്ക് നാം വേഗം കടക്കുന്നു. ആ ശുശ്രൂഷയുടെ ആരംഭത്തിൽ, മറിയയും അവളുടെ മകനും കാനാവിൽ ഒരു കല്യാണവിരുന്നിനു ഉണ്ടായിരുന്നു. വീഞ്ഞ് പോരാതെ വന്നപ്പോൾ, മറിയ യേശുവിനോട് പറഞ്ഞു, "അവർക്ക് വീഞ്ഞില്ല" (യോഹന്നാൻ 2:3).[19] പിന്നെ അവൾ ഭൃത്യന്മാരോട്, "അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ, അതു ചെയ്‌വിൻ എന്നു പറഞ്ഞു" (യോഹന്നാൻ 2:5). ആ സാഹചര്യത്തെ തന്റെ മകൻ കൈകാര്യം

ചെയ്യുമെന്ന് അവൾ വിശ്വസിച്ചു.

ഓരോ രക്ഷകർത്താവിനും ആവശ്യമായ ഒരു സ്വഭാവവിശേഷത അവൾ കാണിച്ചു: അവൾ തന്റെ മകനിൽ വിശ്വാസം അർപ്പിക്കുകയും, ആ വിശ്വാസം അവൾ പ്രകടമാക്കുകയും ചെയ്തു. "നിനക്കതു ചെയ്യുവാൻ കഴിയും" എന്ന ചിന്തയുടെ നിരന്തരമായ പ്രേരണയായിരുന്നു എന്റെ അമ്മ എനിക്കു തന്നിരുന്ന ഏറ്റവും വലിയ സമ്മാനങ്ങളിൽ ഒന്ന്.

## മറ്റുള്ളവരുടെ ക്ഷേമത്തെ കുറിച്ച് അവൾ കരുതിയിരുന്നു

അടുത്ത മൂന്നര വർഷക്കാലത്തിനിടയിൽ നാം മറിയയെ കുറിച്ചു അപൂർവ്വമായി വായിച്ചിട്ടുള്ളതിൽ ഒന്ന് യേശുവിന് ഭക്ഷിപ്പാൻ മതിയായത് ഉണ്ടായിരുന്നില്ല എന്നതിനെ കുറിച്ച് അവൾക്കു ഉത്ക്കണ്ഠ ഉണ്ടാകുമ്പോഴാണ് (മർക്കൊസ് 3:20, 21). അവളും അവളുടെ മറ്റു മക്കളും അവനെ വീട്ടിലേക്കു കൊണ്ടുവന്നു (മർക്കൊസ് 3:31–35).[20] മറിയയെയും അവളുടെ കുടുംബത്തെയും വാഴ്ത്തുന്നതായിരുന്നില്ല ആ സംഭവം; യേശു വാസ്തവത്തിൽ ആരായിരുന്നുവെന്നും അവന്റെ ദൗത്യം എന്തായിരുന്നുവെന്നും പൂർണ്ണമായും അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും, മറിയ തന്റെ മകനെ കുറിച്ചു കരുതിയിരുന്നു എന്നാണ് അതു കാണിക്കുന്നത്. നിങ്ങളെ കുറിച്ചു കരുതുന്ന ഒരമ്മ നിങ്ങൾക്കുണ്ടെങ്കിൽ, ആ കരുതുന്ന അമ്മക്കായി നിങ്ങൾ ദൈവത്തോടു നന്ദിചെലുത്തുമെന്നാണ് ഞാൻ കരുതുന്നത്.

## അവസാനത്തോളം - തന്റെ ജോലിയിൽ അവൾ വിശ്വസ്തയായിരുന്നു.

ക്രൂശുവരെ – വിവരണത്തിലെ ആ ഘട്ടത്തിൽ എത്തുമ്പോൾ മറിയയെ കുറിച്ചുള്ള കാഴ്ച്ച നമുക്ക് നഷ്ടമാകുന്നു. ആ രൂക്ഷമായ രംഗത്തെ യോഹന്നാൻ രേഖപ്പെടുത്തി:

> ... യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും, അമ്മയുടെ സഹോദരിയും, ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും, മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. യേശു തന്റെ അമ്മയും, താൻ സ്നേഹിച്ച ശിഷ്യനും, [ഒരുപക്ഷെ യോഹന്നാൻ] നിൽക്കുന്നതു കണ്ടിട്ടു, "സ്ത്രീയേ, ഇതാ, നിന്റെ മകൻ!" എന്നു അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോടു, "ഇതാ, നിന്റെ അമ്മ!" എന്നും പറഞ്ഞു ... (യോഹന്നാൻ 19:25–27).

ക്രൂശിൽ കിടക്കുന്ന തന്റെ മകനെ നോക്കിക്കൊണ്ട് അവിടെ നിൽക്കുന്ന, മറിയയെ നിങ്ങൾക്ക് കാണുവാൻ കഴിയുന്നുണ്ടോ? അവളുടെ കവിളിൽ കൂടെ കണ്ണുനീർ ഒഴുകുന്നത് നിങ്ങൾക്കു കാണുവാൻ കഴിയുന്നുണ്ടോ? അവൻ കുഞ്ഞായിരുന്നത് അവൾ ഓർക്കുമ്പോൾ കൈകളാൽ തൊട്ടിൽ ആട്ടുന്നത് നിങ്ങൾക്കു കാണുവാൻ കഴിയുന്നുണ്ടോ? ആ നിമിഷത്തെ ഓർമ്മിപ്പിക്കുന്ന ഒരു പദ്യം ഞാൻ വർഷങ്ങൾക്കുമുൻപ് മനഃപ്പാഠമാക്കിയിരുന്നു:

കുന്നുകൾ ഇറങ്ങിവന്ന രണ്ടു സ്ത്രീകൾ
കരയുന്നതു ഞാൻ കേട്ടു;
ഒരാൾ നുറുങ്ങിയ റോസാപോലെ ആയിരുന്നു,
ഒരാൾ ഒരു ജ്വാല പോലെ ആയിരുന്നു.
ഒരാൾ പറഞ്ഞു, "മനുഷ്യർ ഈ പ്രവൃത്തിയിൽ അനുതപിക്കും അവരുടെ
ദുഷിച്ച കൈകളാണ് അതു ചെയ്തത്" ;
മറ്റൊരാൾ അവളുടെ കണ്ണുനീരോടെ മാത്രം പറഞ്ഞു,
"എന്റെ മകനേ, എന്റെ മകനേ, എന്റെ മകനേ."[21]

ഗൊൽഗോഥാ മലയിൽ, വർഷങ്ങൾക്കു മുൻപ് പറഞ്ഞ വാക്കുകൾ മറിയക്ക് അവസാനം മനസ്സിലായി: "ഒരു വാൾ നിന്റെ പ്രാണനിൽ കൂടെ കടക്കും" (ലൂക്കൊസ് 2:35). സാഹസം കഠിനമാകകൊണ്ട്, ദൈവത്തിന് കടുപ്പമുള്ള ആരെയെങ്കിലും ആവശ്യമായിരുന്നുവെന്ന് ഞാൻ വീണ്ടും പറയട്ടെ.

അവസാനത്തെ ഒരു രംഗം കൂടെ ശേഷിക്കുന്നു: യേശുവിന്റെ മരണം, അടക്കം, ഉയർത്തെഴുന്നേൽപ്, എന്നിവക്കുശേഷം ശിഷ്യന്മാർ യെരുശ ലേമിൽ പരിശുദ്ധാത്മാവിന്റെ വരവിനായും ദൈവരാജ്യം / സഭയുടെ വരവിനായും കാത്തിരുന്നു. അന്ന് അവിടെ ശിഷ്യന്മാരോടുകൂടെ മറിയയും യേശുവിന്റെ സഹോദരന്മാരും ഉണ്ടായിരുന്നതായി ലൂക്കൊസ് രേഖപ്പെടു ത്തിയിരിക്കുന്നു (പ്രവൃത്തികൾ 1:14). സഹോദരന്മാർ വിശ്വാസത്തിന ധീനരായി; മറിയയുടെ വിശ്വാസം ജ്ഞാനത്തിലേക്കു വളർന്നു.

അവിടെവെച്ച് നമുക്ക് മറിയയുടെ കഥ നിർത്താം. ദൈവശ്വാ സീയമല്ലാത്ത ഒരു വിശ്വാസം പറയുന്നത് അവൾ യെരുശലേമിൽവെച്ചു മരിച്ചു എന്നാണ്; മറ്റൊന്നു പറയുന്നത് അവൾ യോഹന്നാനോടുകൂടെ എഫെസോസിലേക്കുപോയി അവിടെവെച്ചു മരിച്ചു എന്നാണ്. അവൾക്ക് എന്തു സംഭവിച്ചു എന്ന് നമുക്കറിയില്ല. സഭയുടെ ആവേശകരമായ പ്രാരംഭ നാളുകളിൽ അവൾ പങ്കാളിയായിരുന്നുവെന്നു അറിയുവാൻ ദൈവം നമ്മെ സഹായിക്കുന്നു, അതോടെ നമ്മുടെ കർത്താവിന്റെ അമ്മയുടെ സംഭവത്തിന് അവൻ തിരശ്ശീലയിടുന്നു.

**ഉപസംഹാരം**

ദൈവം എന്തുകൊണ്ടു മറിയയെ തിരഞ്ഞെടുത്തു? ദൈവം മറിയക്കു നൽകിയ ഏതാണ്ട്-അസാധ്യമായ പ്രവൃത്തി ചെയ്യുവാൻ തീർച്ചയായും അവളെ സഹായിച്ചിരിക്കുന്ന ചില സ്വഭാവവിശേഷതകൾ ഞങ്ങൾ ഇവിടെ നിർദ്ദേശിക്കുന്നു:

- അവൾ തന്റെ മനസ്സിനെ ഉപയോഗിക്കുന്നതിൽ ഭയപ്പെട്ടിരുന്നില്ല.
- അവൾ ദൈവഭക്തയായ ഒരു സ്ത്രീ ആയിരുന്നു.
- അവൾ ദൈവത്തിലും – അവന്റെ ശക്തിയിലും വിശ്വസിച്ചിരുന്നു.
- അവൾക്ക് വിനയമുള്ള ഒരു മനസുണ്ടായിരുന്നു.
- അവൾ ദൈവേഷ്ടത്തിന് കീഴ്പ്പെട്ടിരുന്നു.

- അവൾ തിരുവെഴുത്തുകളെ അറിഞ്ഞിരുന്നു.
- അവൾ ധീരതയും ധൈര്യവുമുള്ളവളായിരുന്നു.
- അവൾ ഉത്തരവാദിത്വം സ്വീകരിപ്പാൻ മനസ്സുള്ളവളായിരുന്നു.
- അവൾ തന്റെ മകനിൽ വിശ്വാസം പ്രകടമാക്കിയിരുന്നു.
- അവൾ മറ്റുള്ളവരുടെ ക്ഷേമത്തെ കുറിച്ചു കരുതിയിരുന്നു.
- അവൾ തന്റെ പ്രവൃത്തിയിൽ – അവസാനത്തോളം വിശ്വസ്ത യായിരുന്നു.

ജീവിതത്തിലെ ഉത്തരവാദിത്വങ്ങളിൽ വിജയിക്കുവാൻ ഏതൊരാളെയും ആ സ്വഭാവവിശേഷതകൾ സഹായിക്കും. ഏറ്റവും പ്രാധാന്യമർഹിക്കുന്നത്, ദൈവം തന്റെ സേവനത്തിനായി ഉപയോഗിക്കുന്ന ആർക്കും യോജിക്കുന്നതാണ് ആ ഗുണങ്ങൾ.

നാം അവസാനിപ്പിക്കുമ്പോൾ, മറിയയുടെ പ്രത്യേക സ്വഭാവ ഗുണങ്ങളിൽ ഒന്നിലേക്കു തിരിച്ചുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു: "അവൾ ദൈവേഷ്ടത്തിനു കീഴ്പ്പെട്ടിരുന്നു." അവൾ ദൂതനോടു പറഞ്ഞവാക്കുകളെ വീണ്ടും പരിഗണിക്കുക: "നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (ലൂക്കൊസ് 1:38). മറിയയുടെ പ്രതികരണത്തെ കുറിച്ച് കെൻ ഗിരേ ഈ വിമർശനങ്ങൾ നടത്തി:

> ... അവളുടെ തീരുമാനം ഉടനെയുള്ളതും അനുസരണം പൂർണ്ണവുമായിരുന്നു. അവൾ ദൈവത്തിന് കീഴ്പ്പെട്ടു. അതുയർത്തുവാൻ ഇടയുള്ള ചോദ്യങ്ങൾ കണക്കിലെടുത്തില്ല. അല്ലെങ്കിൽ അതു ണ്ടാക്കുന്ന അതിശയം കാര്യമായെടുത്തില്ല. അതിനുകൊടുക്കേണ്ട വില കണക്കിലെടുത്തില്ല. അല്ലെങ്കിൽ അനന്തരഫലങ്ങൾ കാര്യമാക്കിയില്ല. അവളുടെ ബഹുമതി നഷ്ടമാകുന്നതും കണക്കിലെടുത്തില്ല. അല്ലെങ്കിൽ അവൾ സ്നേഹിച്ച പുരുഷൻ നഷ്ടമാകുന്നതും കണക്കിലെടുത്തില്ല. അവളുടെ ജീവൻ പോയാലും അവൾക്കു കാര്യമല്ലായിരുന്നു.
>
> ... അനുകൂലമായ ആ കന്യകയുടെ എല്ലാ ഗുണങ്ങളിലും വെച്ച്, "കാര്യമാക്കാത്ത" ആ ഗുണമായിരിക്കാം [യേശുവിനെ] വളർത്തുന്ന പ്രവൃത്തിക്കു അവളെ യോഗ്യമാക്കിയത്. ...[22]

എന്തുവില കൊടുക്കേണ്ടിവന്നാലും, അനന്തരഫലങ്ങൾ എന്തു തന്നെ ആയാലും – നിങ്ങളുടെ കർത്താവിനെ[23] അനുസരിപ്പാൻ *നിങ്ങൾ* തയ്യാറാണോ? അങ്ങനെയെങ്കിൽ, പിന്നെ, നിങ്ങളും, ദൈവം തന്റെ ഉദ്ദേശ്യം നടപ്പാക്കുവാൻ ഉപയോഗിക്കുന്ന തരത്തിലുള്ള ഒരു വ്യക്തിയായി മാറും.

---

കുറിപ്പുകൾ

[1]സ്നൂപി എന്നത് ചാർളി ബ്രൗണിന്റെ പട്ടിയാണ്. തമാശ കുറിപ്പുകളിൽ, ചിലപ്പോൾ കാർട്ടൂൺ മൃഗങ്ങൾ വാക്കുകളിലൂടെ ചിന്തകൾ പ്രകടിപ്പിക്കുന്നു. [2]ദരിദ്രന്മാർക്ക് യാഗം അർപ്പിക്കുവാൻ അനുവാദമുള്ള സ്ഥലത്തായിരുന്നു യോസേഫും മറിയയും യാഗം കഴിച്ചത് എന്നതുകൊണ്ട് അവർ ദരിദ്രരായിരുന്നു വെന്ന് ഒരു വിധത്തിൽ നമുക്കു മനസ്സിലാക്കാം (ലൂക്കൊസ് 2:24–നെ ലേവ്യാപുസ്തകം 12:6–8 മായി താരതമ്യം ചെയ്യുക).

''ശിശുവിന്റെ മഹത്വമറിഞ്ഞ്, യോസേഫിനും മറിയക്കും വിലയേറിയ യാഗമർപ്പിക്കുവാൻ കഴിയുമായിരുന്നു വെങ്കിൽ അവർ വിലകുറഞ്ഞ യാഗം ഒരിക്കലും അർപ്പിക്കുമായിരുന്നില്ല" എന്ന് ജെ. ഡബ്ളിയു. മെക്ഗാർവേ എഴുതിയപ്പോൾ, അത് തീർച്ചയായും ശരിയായിരുന്നു (ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* [സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914], 34). യേശുവിന്റെ ജീവിതരീതി (മത്തായി 8:20) താഴ്മയുള്ള ഒരു തുടക്കത്തെയും പറയുന്നു. [3]"മിരിയാം" അർത്ഥം "കൈപ്പുള്ള." രൂത്ത് 1:20 ആ വാക്കിന്റെ ഒരു രൂപം ഉപയോഗിക്കുന്നുണ്ട്. പഴയ നിയമത്തിൽ ഒരു മിരിയാമിനെ മാത്രമേ നാം കാണുന്നുള്ളൂ (മോശെയുടെ സഹോദരി) എന്നാൽ പുതിയ നിയമത്തിൽ ധാരാളം മറിയകൾ ഉണ്ട്. [4]ക്രിസ്തു ദാവീദിന്റെ സന്തതിയായിരുന്നുവെന്ന് നമ്മുടെ വേദഭാഗം ഊന്നിപ്പറയുന്നു (1:32, 69). മശിഹ "അവനിൽ നിന്ന് വരുമെന്ന്" ദാവീദിനോടു ദൈവം പറഞ്ഞിരുന്നു (2 ശമുവേൽ 7:12). അക്ഷരീകമായി, ദൈവം പറഞ്ഞതു മശിഹ "[ദാവീദിന്റെ] ഉദരത്തിൽ നിന്ന് പുറപ്പെടുവാനിരിക്കുന്നു" എന്നാണ് (കെജെവി നോക്കുക). എൻഐവിയിൽ "നിന്റെ തന്നെ ശരീരത്തിൽ നിന്നും വരുമെന്നാണ്" ഉള്ളത്. യേശു യോസേഫിൽ കൂടിയുള്ള ദാവീദിന്റെ ജഢിക സന്തതിയല്ലാത്തതുകൊണ്ട്, ആ വാഗ്ദാനം നിറവേറുവാൻ അവനു മറിയയിൽ കൂടി ജഢിക സന്തതിയായി തീരണമായിരുന്നു. [5]ഈ പാഠത്തിലെ കുറിപ്പ് 2 പുനരവലോകനം നടത്തുക. [6]പലപ്പോഴും യുവതികളായിരുന്ന സ്ത്രീകൾ അവരുടെ കൗമാരപ്രായത്തിലെ ആരംഭ ഘട്ടത്തിലായിരുന്നു. നേരെമറിച്ച്, യോസേഫ് പ്രായം ചെന്ന ഒരു വ്യക്തി ആയിരുന്നേക്കാം. യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാവേളയിൽ യോസേ ഫിനെ പറ്റി ഒരിക്കലും പറയാത്തതുകൊണ്ട്, യേശുവിന് മുപ്പതു വയസ്സാകുന്നതിനു മുൻപ് അവൻ മരിച്ചിരിക്കാൻ സാധ്യതയുണ്ട്. [7]സെപ്റ്റ്വജിന്റ് എന്നത് പഴയനിയമം ഗ്രീക്കിലേക്ക് തർജ്ജിമ ചെയ്തതാണ്. ഈ പുസ്തകത്തിൽ ആദ്യം കാണുന്ന "ക്രിസ്തു വന്നതായ ലോകം," എന്ന പാഠത്തിൽ സെപ്റ്റ്വജിന്റിനെ കുറിച്ച് ചുരുക്കമായി പ്രതിപാദിക്കുന്നുണ്ട്. [8]ചില സന്ദർഭത്തിൽ, യേശുവിന്റെ കന്യകാജനനവും ഗ്രീക്ക് ഇതിഹാസവും സമാന്തരമായി കാണിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഗ്രീക്ക് ദേവന്മാർ പ്രാകൃതമായി മനുഷ്യരോടു ഇണചേരുന്നതിനെ കുറിച്ചും ദൂതന്റെ മൃദുലമായ വാക്കുകളെ കുറിച്ചുമുള്ള വിവരണങ്ങളിലെ അപകഥ തമ്മിൽ അവിടെ താരതമ്യം ചെയ്യുന്നില്ല. [9]കെജെവിയിൽ ഉള്ള "കസിൻ," എന്നത് സ്വീകാര്യമായ തർജ്ജിമയാണ്; എന്നാൽ അക്കാലത്ത് "കസിൻ" എന്ന വാക്ക് ബന്ധം എത്ര അടുപ്പമുള്ളതായിരുന്നു എന്നു സൂചിപ്പിച്ചിരുന്നില്ല. എലീശബെത്തും മറിയയും നാം ഇന്നു പറയുന്നതുപോലെ "അടുത്ത ചാർച്ചക്കാരികൾ" അല്ലെങ്കിൽ "മൂന്നാം കസിൻ" അല്ലെങ്കിൽ "ഒരിക്കൽ അകന്നുപോയ, നാലാമത്തെ കസിൻ ആകാം." [10]ഗ്രീക്ക് വേദഭാഗത്തിൽ അക്ഷരീകമായി "ദൈവത്തിന് ഓരോ വാക്കും അസാധ്യമല്ലായ്കയാൽ" എന്നാണ് ഉള്ളത്. ഏഎസ്‌വി അതുകൊണ്ട് ആ വാക്യത്തെ നൽകുന്നത് "ദൈവത്തിൽ നിന്നുവരുന്ന ഒരു വാക്കും ശക്തിരഹി തമാകയില്ല" എന്നാണ്.

[11]ചിലർ വിചാരിക്കുന്നത് യോഹന്നാൻ 8:41 നൽകുന്ന സൂചന ''ഞങ്ങൾ വിവാഹത്തിനു മുൻപുള്ള തെറ്റായ ബന്ധത്താൽ ജനിച്ചതല്ല – എന്നാൽ *നീ* അങ്ങനെയാണ്" എന്നാണ്. [12]കൂടാതെ നോക്കുക ലേവ്യാപുസ്തകം 20:10; യെഹെസ്കേൽ 16:38; യോഹന്നാൻ 8:5. [13]ഏർണെസ്റ്റ് ഒ. ഹൗസർ, "മേരി, മതർ ഓഫ് ക്രൈസ്റ്റ്," *റീഡേർസ് ഡൈജെസ്റ്റ്* (ഡിസംബർ 1971): 170. [14]എലീശബെത്ത് ആയിരുന്നതു പോലെയും (1:41) പിന്നീട് സെക്കര്യാവായിരുന്നതുപോലെയും (1:67) മറിയ ''പരിശുദ്ധാത്മാവ് നിറഞ്ഞവളായി" രിക്കുവാനുള്ള സാദ്ധ്യതയെ ഞാൻ കുറച്ചു കാണുന്നില്ല. എങ്കിലും,

മറിയയുടെ വാക്കുകൾ അവളുടെ ആ വചനത്തിന്റെ വ്യക്തിപരമായ അറിവിനെ സൂചിപ്പിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. [15]മറിയക്ക് അതോടൊപ്പം നാല് ആൺമക്കളും ചുരുങ്ങിയത് രണ്ടു പെൺമക്കളും ഉണ്ടായിരുന്നു (യോസേഫിനാൽ) (മർക്കൊസ് 6:3). അവൾക്ക് പെൺമക്കളോളം ആൺമക്കളും ഉണ്ടായിരുന്നുവെങ്കിൽ, ആകെ *പത്തു* മക്കൾ ഉണ്ടായിരുന്നേക്കാം. [16]*നിങ്ങൾ* ജീവിക്കുന്ന സ്ഥലത്തിന്റെ ശക്തിയുടെയും പൂർവ്വസ്ഥിതി പ്രാപിക്കുവാനുള്ള കഴിവിന്റെയും ആശയവുമായി ബന്ധമുള്ള ഒരു പ്രയോഗം ഉപയോഗിക്കുക. [17]യേശു തന്റെ അമ്മയെ നോക്കുവാൻ യോഹന്നാനെ ഏൽപ്പിച്ചു എന്നതും (യോഹന്നാൻ 19:26, 27) യോസേഫ് മരിച്ചു എന്ന സൂചനയാണ് നൽകുന്നത്. [18]ഞാൻ പറയുന്നത് "വളർത്തുന്നതിന്റെ ജോലി അധികവും ചെയ്യേണ്ടത്," എന്നാണ് അല്ലാതെ "അതിന്റെ എല്ലാം" എന്നല്ല, കാരണം, ആദ്യജാതനായതുകൊണ്ട്, അവന്റെ അപ്പൻ മരിച്ചുപോയപ്പോൾ കുറേ ഉത്തരവാദിത്വം യേശുവിനു കൈവന്നിരിക്കാം. എന്നിരുന്നാലും, ഒരു കഷ്ടതയനുഭവിക്കുന്ന അമ്മ എന്ന നിലയിൽ മറിയയുടെ ഭാരം വലുതായിരിക്കാം. [19]മറിയയും യേശുവും തമ്മിലുള്ള ശേഷിച്ച സംഭാഷണത്തെ കുറിച്ചുള്ള ചില ആശയങ്ങൾ ഈ പുസ്തകത്തിൽ പിന്നീടു പറയുന്നുണ്ട്. [20]വാക്യം 31–ന് വാക്യം 20–മായി ബന്ധമുണ്ടോ എന്നതു നമുക്ക് തീർച്ചയില്ല, എന്നാൽ ബന്ധമുണ്ടായിരിക്കാൻ ശക്തമായ സാധ്യതയുണ്ട്.

[21]ലേഖകൻ അജ്ഞാതൻ. [22]കെൻ ഗിരേ, *മൊമെന്റ്സ് വിത്ത് ദ സേവ്യർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ളിഷിങ്ങ് ഹൗസ്, 1998), 26–27. [23]ഈ പ്രസംഗം നിങ്ങൾ ഉപയോഗിക്കുമ്പോൾ, രക്ഷിക്കപ്പെടുവാൻ എന്തുചെയ്യണമെന്ന് നിങ്ങളുടെ കേൾവിക്കാരോടു നിങ്ങൾ പറയണം: അവർ ഇതുവരെ ക്രിസ്ത്യാനികളായി തീർന്നിട്ടില്ലെങ്കിൽ, അവർക്ക് യേശുവിലുള്ള വിശ്വാസം മാനസാന്തരത്തിലൂടെയും, ഏറ്റുപറച്ചിലിലൂടെയും, സ്നാനത്തി ലൂടെയും പ്രകടമാക്കേണ്ടതുണ്ട് (പ്രവൃത്തികൾ 2:37, 38; 8:35–39; 22:16). അവർ അവിശ്വസ്ത ക്രിസ്ത്യാനികൾ ആണെങ്കിൽ, അവർ കർത്താവിലേക്കും അവന്റെ സഭയിലേക്കും മാനസാന്തരത്തിലൂടെയും, അവരുടെ തെറ്റുകൾ ഏറ്റുപറയുന്ന തിലൂടെയും, പ്രാർത്ഥനയിലൂടെയും മടങ്ങിവരേണ്ടതാണ് (പ്രവൃത്തികൾ 8:22; 1 യോഹന്നാൻ 1:9; യാക്കോബ് 5:16).